DESPATCHED
On.14.1.22...



31/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.126(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*1416/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. അശോകൻ എം.വി.,<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1,<br>എഫ്.എച്ച്.സി. മൂന്നിലവ്,<br>കോട്ടയം-686 582 | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പ്രൈമറി ഹെൽത്ത് സെന്റർ,<br>മൂന്നിലവ്, കോട്ടയം-686586<br>2. അപ്പീൽ അധികാരി &<br>മെഡിക്കൽ ഓഫീസർ,<br>പ്രൈമറി ഹെൽത്ത് സെന്റർ,<br>മൂന്നിലവ്, കോട്ടയം-686 586 | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.07.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.10.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 06.09.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അശോകൻ എം.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി ലഭ്യമാക്കിയ മറുപടിയും തൃപ്തികരമല്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാക്കാൻ കമ്മീഷൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 08.07.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടിയാൻ അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേലും അപ്പീൽ അധികാരി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ആയതും പൂർണ്ണമായി ലഭ്യമാക്കിയില്ലെന്നാണ് ഹർജികക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷിയും ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരിയും മറുപടി ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നു. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത് ഹർജികക്ഷിയുടെ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് രജിസ്റ്റേർഡ് തപാലിൽ മറുപടി ടിയാന് ലഭ്യമാക്കിയിരുന്നുവെന്നാണ്. തപാൽ രജിസ്റ്ററിന്റെ പ്രസ്തുത പേജിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ ഹർജികക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്, ടിയാൻ ആവശ്യപ്പെട്ട മൂന്നിലവ് PHCയിലെ JPNH മാരായ ശ്രീമതി. ജിഷാ തോമസ്, ശ്രീമതി. ജെസ്സി തോമസ് എന്നിവരുടെ പരാതിയുടെ കോപ്പി അയച്ചു തന്നിട്ടുണ്ടെന്നും എന്നാൽ ഡോ. അനിറ്റാ ജോസഫിന്റെ (M/O) പരാതിയുടെ കോപ്പി അയച്ചു തന്നിട്ടില്ലെന്നാണ്. കമ്മീഷൻ ആയത് മുഖവിലക്കെടുത്ത് ഹിയറിംഗ് വേളയിൽ നിർദ്ദേശിച്ചതനുസരിച്ച് ടിയാൻ

ആവശ്യപ്പെട്ട മേപ്പടി പകർപ്പ് ഒന്നാം എതിർകക്ഷി അന്നേദിവസം (24.12.2021 തീയതി) ടിയാന് നേരിട്ട് കൈമാറുകയും ചെയ്തു. ടി പകർപ്പ് ഹർജികക്ഷി കൈപ്പറ്റിയതായി എഴുതി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഈ അപ്പീലിൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 31-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp